Draft #1 of File 80915/EA2 SO/2020/CE SECT 1 Approved by ASSISTANT REGISTRAR XI (EXAM) on 24-Dec-2020 08:07 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാല പരീക്ഷകൾ - 2017 അഡ്മിഷൻ ഡിഗ്രി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ സംബന്ധമായ അടിയന്തിര ആവശ്യം പരിഗണിച്ച് ബിരുദ സർട്ടിഫിക്കറ്റുകൾ സോഫ്റ്റ്‌വെയർ സഹായമില്ലാതെ സാധാരണ നിലയിൽ തയ്യാറാക്കി നൽകുന്നത് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 6013/EA 2/2020/എം.ജി.യു   പ്രിയദർശിനി ഹിൽസ്,തീയതി: 24.12.2020

---

*പരാമർശം:*-പരീക്ഷാ കൺട്രോളറുടെ 23.12.2020 തീയതിയിലെ കുറിപ്പ്.

**ഉത്തരവ്**

വിദേശ രാജ്യങ്ങളിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതുമായി ബന്ധപ്പെട്ട് സർവകലാശാലയിലെ 2017 വർഷ അഡ്മിഷൻ വിദ്യാർത്ഥികൾ അടിയന്തിരമായി ബിരുദ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ബിരുദ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ ഡിഗ്രി സ്യൂട്ടിന്റെ നിർമ്മാണ പ്രക്രിയ സീ ടെക്സ് വിഭാഗം ഇനിയും പൂർത്തീകരിച്ചിട്ടില്ല .

ഈ സാഹചര്യം പരിഗണിച്ച് , വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നതിനും മറ്റത്യാവശ്യങ്ങൾക്കുമായി ബിരുദ സർട്ടിഫിക്കറ്റ് ആവശ്യമുള്ള അപേക്ഷകർക്ക് സോഫ്റ്റ്‌വെയർ സഹായമില്ലാതെ സാധാരണ നിലയിൽ സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്നതിനും ഡിജിറ്റൽ ഡിഗ്രി സ്യൂട്ടിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സോഫ്റ്റ്‌വെയറിൽ Status Updation നടത്തുന്നതിനും അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ മാർ
3. CE's സെക്ഷൻ/ എ.ആർ 1 (പരീക്ഷ)
4. എല്ലാ പി.ഡി സെക്ഷനുകൾ/ എല്ലാ CBCSS സെക്ഷനുകൾ
5. എല്ലാ ജെ.ആർ/ഡി. ആർ/എ.ആർ (പരീക്ഷ)

6. ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 80915/EA2 SO/2020/CE SECT 1 Approved by ASSISTANT REGISTRAR XI (EXAM) on 24-Dec-2020 08:07 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം